"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ശ്രീ.ആൽഡസ് മാത്യൂ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2237/2023-ന്മേലുള്ള 14.12.2023-ലെ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.18/2024/POWER തീയതി,തിരുവനന്തപുരം, 17-01-2024

---

പരാമർശം:-

1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 16.12.2022-ലെ CEI/20945/2022-E2 നമ്പർ കത്ത്.
2. സ.ഉ.(സാധാ.) നം. 6/2023/പവർ തീയതി: 10.01.2023.
3. സ.ഉ.(സാധാ.) നം. 211/2023/പവർ തീയതി: 27.11.2023.
4. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ആൽഡസ് മാത്യൂവിന്റെ 02.12.2023-ലെ അപേക്ഷ. (Annexure A6)
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 2237/2023-ന്മേലുള്ള 14.12.2023-ലെ ഉത്തരവ്.
6. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 01.01.2024-ലെ എസ്.സി/11857/2023-സി.ഇ.ഐ നമ്പർ കത്ത്.

**ഉത്തരവ്**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ പാലക്കാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.ആൽഡസ് മാത്യൂവിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിയമനം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) എറണാകുളം ജില്ലക്കാരനായ തനിക്ക് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ പരാമർശം (3) പ്രകാരം സ്ഥാനക്കയറ്റ നിയമനം നൽകിയത് അസൗകര്യമാണെന്നും തനിക്ക് മാതാപിതാക്കളെ സംരക്ഷിക്കേണ്ടതായിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച മൂന്ന് ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരിൽ ഏറ്റവും സീനിയറായിട്ടുള്ള തന്നെ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറായിരുന്ന ശ്രീ.സോമൻ കെ.കെ.-ക്ക് വേലവിലക്ക് ഏർപ്പെടുത്തിയത് കാരണം ഒഴിഞ്ഞു കിടക്കുന്ന കോട്ടയം ജില്ലാ കാര്യാലയത്തിലേക്കോ അല്ലെങ്കിൽ ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.ശ്രീജ റ്റി.കെ-യുടെ കണ്ണൂർ ജില്ലാ കാര്യാലയത്തിലേക്കുള്ള സ്ഥലംമാറ്റം അപേക്ഷ പരിഗണിക്കുകയാണെങ്കിൽ ആലപ്പുഴയിലേക്കോ സ്ഥലംമാറ്റം നൽകണമെന്ന് പരാമർശം (4)-ലെ അപേക്ഷ (Annexure A6) പ്രകാരം

അഭ്യർത്ഥിച്ചിട്ടുണ്ട്.

3) ശ്രീ.ആൽഡസ് മാത്യൂ കോട്ടയം / ആലപ്പുഴ ജില്ലാ കാര്യാലയങ്ങളിലേക്ക് സ്ഥലംമാറ്റം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2237/2023-മേലുള്ള പരാമർശം (5) പ്രകാരമുള്ള വിധിന്യായത്തിൽ, ടിയാന്റെ Annexure A6 അപേക്ഷയിന്മേൽ നിയമപ്രകാരവും, ടിയാന്റെ വാദങ്ങളും പരിഗണിച്ച് ഉത്തരവ് കിട്ടി മൂന്നാഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്ന് ഒന്നാം റെസ്പോണ്ടന്റായ സെക്രട്ടറി, ഊർജ്ജ വകുപ്പിന് നിർദ്ദേശം നൽകി കൊണ്ട് ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിട്ടിട്ടുണ്ട്.

4) എറണാകുളം ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയിരിക്കെ Cochin University Of Science and Technology (CUSAT)-ലെ സോളാർ പ്രതിഷ്ഠാപനത്തിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന് ആരോപണം ഉണ്ടായതിനെ തുടർന്ന് വകുപ്പിലെ അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടിയുടെ ഭാഗമായാണ് ടിയാനെ പാലക്കാട് ജില്ലാ കാര്യാലയത്തിലേക്ക് പരാമർശം (2) പ്രകാരം സ്ഥലംമാറ്റം നൽകിയതെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ചപ്പോഴാണ് ടിയാനെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിയമിച്ചതെന്നും കോട്ടയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സോമൻ കെ.കെ-ക്ക് വേലവിലക്ക് ഏർപ്പെടുത്തിയത് മൂലം ഉണ്ടായ ഒഴിവ് താൽക്കാലിക പ്രമോഷൻ നൽകി നികത്തേണ്ട അടിയന്തിര സാഹചര്യം ഉണ്ടെങ്കിൽ ആയതിനുള്ള പ്രപ്പോസൽ പ്രത്യേകമായി സമർപ്പിക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്നും ആലപ്പുഴ ജില്ലാ കാര്യലയത്തിലെ സ്ഥലംമാറ്റം / ഉദ്യോഗക്കയറ്റവുമായി ബന്ധപ്പെട്ട് മറ്റ് ഉദ്യോഗസ്ഥർ അപേക്ഷ സമർപ്പിച്ചതനുസരിച്ചുള്ള പ്രപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്നും ആയതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് ടിയാനെ പരിഗണിക്കാൻ കഴിയില്ല എന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ആയതിന്റെ അടിസ്ഥാനത്തിലും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ട് പരിഗണിച്ചും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ ആൽഡസ് മാത്യുവിന്റെ പരാമർശം (4) പ്രകാരമുള്ള അപേക്ഷയിലെ (Annexure A6) ആവശ്യം നിരസിച്ചുകൊണ്ടും ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.12.2023-ലെ ഉത്തരവിലെ നിർദ്ദേശം (പരാമർശം (5) ) നടപ്പാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീ.ആൽഡസ് മാത്യു, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ// ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 18-01-2024 10:57:23

സെക്ഷൻ ഓഫീസർ